**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 353** **07-10-2024 - ൽ മറുപടിയ്ക്ക്**

**പൊതു സ്ഥലത്ത് മാലിന്യം നിക്ഷേപിച്ചതിനെതിരെയുള്ള കേസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2024 ജനുവരി മുതൽ സെപ്റ്റംബർ 15 വരെയുള്ള കാലയളവിൽ പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിച്ചതിന് എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്നും, അവയിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, പ്രസ്തുത കാലയളവിൽ പിഴയിനത്തിൽ എത്ര തുക ഈടാക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് 2024 ജനുവരി മുതൽ സെപ്റ്റംബർ 15 വരെയുള്ള കാലയളവിൽ പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിച്ചതിന് എതിരായി ആകെ 2739 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമലംഘനം നടത്തിയവർക്ക് മാലിന്യം നീക്കം ചെയ്യുന്നതിന് നോട്ടീസ് നൽകുകയും പിഴയിനത്തിൽ ആകെ 2,66,95,541/- രൂപ (രണ്ട് കോടി അറുപത്തിയാറ് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി അഞ്ഞൂറ്റി നാൽപ്പത്തിഒന്ന് രൂപ) ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പിഴത്തുക നിശ്ചയിക്കുന്നതിലെ മാനദണ്ഡം എന്താണെന്നും, ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് പിഴ ഈടാക്കുന്നതെന്നും വ്യക്തമാക്കാമോ? | (ബി) | കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് (ഭേദഗതി 2024) എന്നീ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് പൊതുസ്ഥലത്തെ മാലിന്യ നിക്ഷേപത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിഴ ഈടാക്കുന്നത്. |

സെക്ഷൻ ഓഫീസർ